**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4147 16.12.14-ലെ മറുപടിക്ക്**

**"രജിസ്ട്രേഷൻ ഇല്ലാത്ത ചിട്ടി സ്ഥാപനങ്ങൾ"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ ഇല്ലാതെ ചിട്ടി നടത്തുന്ന ചിട്ടി സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | 109 സ്ഥാപനങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 20 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 9 |
| ഇടുക്കി | 4 |
| കോട്ടയം | 6 |
| എറണാകുളം | 15 |
| തൃശ്ശൂർ | 14 |
| പാലക്കാട് | 17 |
| മലപ്പുറം | 3 |
| കോഴിക്കോട് | 9 |
| വയനാട് | 1 |

| | | | |
|---|---|---|---|
| | | | കണ്ണൂർ 1<br>കാസറഗോഡ് 3 |
| (സി) | എത്ര ചിട്ടികൾ ഇപ്രകാരം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്; ഇത്തരം ചിട്ടികളിലൂടെ എത്ര രൂപയുടെ നഷ്ടമാണ് സർക്കാരിന് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | മൂവായിരത്തോളം ചിട്ടികൾ ഇപ്രകാരം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഏകദേശം ഒരു കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു. |
| (ഡി) | ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയോ, ചിട്ടികളെയോ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ വകുപ്പിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചിട്ടി സ്ഥാപനങ്ങളിൽ പോലീസ് സഹായ ത്തോടെയും അല്ലാതെയും പരിശോധന നടത്തുകയും പല സ്ഥാപനങ്ങളിൽ നിന്നും അനധികൃത ചിട്ടികൾ നടത്തുന്നതിന്റെ രേഖകൾ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ദി ചിട്ട് ഫണ്ട്സ് ആക്ട്, 1982-ന വിധേയമായി തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു. കൂടാതെ സംസ്ഥാനത്ത് വ്യാജചിട്ടികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ വിലയിരുത്തുന്നതിനായി നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കൺവീനറും വാണിജ്യ നികുതി കമ്മീഷണർ, കെ. എസ്. എഫ്. ഇ. മാനേജിംഗ് ഡയറക്ടർ, ഡി.ജി.പി.യുടെ പ്രതിനിധി, രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് (ഹെഡ്ക്വാർട്ടേഴ്സ്) എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല മോണിറ്ററിംഗ്കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ രജിസ്ട്രാർ കൺവീനറും ജില്ലാ പോലീസ് സൂപ്രണ്ട് / സിറ്റി പോലീസ് കമ്മീഷണർ, സെയിൽസ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ, ചിട്ടി ഇൻസ്പെക്ടർ / ചിട്ടി ആഡിറ്റർ എന്നിവർ അംഗങ്ങളുമായി ജില്ലാതല |

| | | | |
|---|---|---|---|
| | | | മോണിറ്ററിംഗ് സമിതിയും രൂപീകരി-ച്ചിട്ടുണ്ട്.രജിസ്ട്രേഷൻ ഇല്ലാതെ ചിട്ടിനടത്തുന്ന സ്ഥാപനങ്ങളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (ഇ) | ഇത്തരം സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ; | (ഇ) | അനധികൃത ചിട്ടി സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ ചിട്ടി ആക്ടും, റൂളും അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന എത്ര ചിട്ടി സ്ഥാപനങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | (എഫ്) | അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന 31 ചിട്ടി സ്ഥാപനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 4 |
| പത്തനംതിട്ട | 3 |
| എറണാകുളം | 2 |
| തൃശ്ശൂർ | 8 |
| പാലക്കാട് | 4 |
| വയനാട് | 3 |
| കണ്ണൂർ | 4 |
| കാസറഗോഡ് | 1 |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്